**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 306** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>വ്യക്തിഗത സംരംഭ വായ്പ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്ക് വ്യക്തിഗത സംരംഭക വായ്പകൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്ക് വ്യക്തിഗത സംരംഭ വായ്പകൾ ലഭ്യമാണ്. ഗ്രാമീണ കുടുംബശ്രീ അയൽക്കൂട്ടത്തിൽ കുറഞ്ഞത് രണ്ടു വർഷം അംഗമായും, ഒരു തവണയെങ്കിലും അയൽക്കൂട്ടതല ലിങ്കേജ് വായ്പ എടുത്തിട്ടുള്ളതും, സംരംഭം ആരംഭിച്ച് ഒരു വർഷമെങ്കിലും പൂർത്തീകരിച്ച കുടുംബശ്രീ അംഗത്തിനാണ് ബാങ്കുകൾ മുഖേന ലഭ്യമാക്കുന്ന ജാമ്യമോ/ ഈടോ നൽകേണ്ടതില്ലാത്ത വ്യക്തിഗത സംരംഭ വായ്പയ്ക്ക് അർഹതയുണ്ടാകുക. ഒരു ലക്ഷം രൂപ മുതൽ പത്തു ലക്ഷം രൂപ വരെയാകും വായ്പ തുകയായി ലഭ്യമാകുക. കൃത്യമായി വായ്പാതിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് ഒന്നര ലക്ഷം രൂപവരെയുള്ള വായ്പാതുകയ്ക്ക് രണ്ടു ശതമാനം പലിശ സബ്സിഡി എൻ.ആർ.എൽ.എം. മുഖേന ലഭ്യമാണ്. പ്രസ്തുത വായ്പകൾക്ക് കുടുംബശ്രീ സംരംഭകർ സി.ഡി.എസ്സിലെ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സഹായത്താൽ ലോക്കോസ്- ഇൻഡിവിഡ്വൽ എന്റർപ്രൈസ് ലോൺ ആപ്ലിക്കേഷൻ എന്ന മൊബൈൽ ആപ്പ് മുഖേന വായ്പാ അപേക്ഷകൾ ബാങ്കുകൾക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ബാങ്കുകൾ പരിശോധിക്കുകയും ബാങ്കിന്റെ ഓഫറുകൾ നൽകുകയും ചെയ്യുന്നു. ലഭ്യമായ ഓഫറിൽ നിന്ന് മികച്ച ഓഫർ ( വായ്പ തുക, പലിശ നിരക്ക്, വായ്പാ കാലയളവ് എന്നിവ പരിശോധിച്ച് ) സംരംഭകയ്ക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**